മാതൃഭൂമി
15 March 2019

# കടൽ ഞണ്ടുകൃഷിയിൽ പരിശീലനവുമായി സി.എം.എഫ്.ആർ.ഐ.

**കൊച്ചി:** കടൽ ഞണ്ട് കൃഷി ജനകീയമാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പരിശീലനം തുടങ്ങി. വിവിധതരം കടൽ ഞണ്ടുകളെ കുറിച്ചും അവ കൃഷി ചെയ്ത് വരുമാനമുണ്ടാക്കുന്ന രീതികളുമാണ് പരിചയപ്പെടുത്തുന്നത്. പച്ച ഞണ്ട്, കാവാലി ഞണ്ട്, കുരിശു ഞണ്ട്, പൊട്ട് ഞണ്ട് തുടങ്ങി കൂടുതൽ വിപണിമൂല്യമുള്ള ഞണ്ടുകൾ വളർത്തുന്നതിനും കൊഴുപ്പിച്ചെടുക്കുന്നതിനുമാണ് (ഫാറ്റനിങ്) പരിശീലനം. ഞണ്ടുകളുടെ വിത്തുത്പാദനം, തീറ്റ, പരിപാലനം, വിളവെടുപ്പ് തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിൽ പരിജ്ഞാനം നൽകി ഈ രംഗത്ത് സംരംഭകരെ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോസിലീൻ ജോസ് ആണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്. ഡോ. കെ. കെ. ജോഷി ഉദ്ഘാടനം ചെയ്തു. ഡോ. ജി. മഹേശ്വരുഡു അധ്യക്ഷത വഹിച്ചു. തിരഞ്ഞെടുക്കപ്പെട്ട 40 പേരാണ് പങ്കെടുക്കുന്നത്.